## വാർഷിക റിപ്പോർട്ട് 2016- 17

*(ക്ഷത്രിയ ക്ഷേമസഭ 36-ാം സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ച് പൊതുസമ്മേളനം അംഗീകരിച്ച റിപ്പോർട്ടിന്റെ പൂർണ്ണരൂപം)*

**ആമുഖം**

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്ന ജില്ല. പൂരങ്ങളുടെ നാട് തൃശൂർ ജില്ല. ഇവിടെയാണ് ക്ഷത്രിയ ക്ഷേമ സഭയുടെ, സംസ്ഥാന സമ്മേളനത്തിനു വേദിയാകുന്നത്.

1790 ൽ ശക്തൻ തമ്പുരാൻ കൊച്ചി രാജ്യത്തിൽ അധികാരമേറ്റപ്പോൾ തൃശൂർ ഉൾപ്പെടുന്ന പ്രദേശങ്ങൾക്ക് പുതിയ ഊർജ്ജം ലഭിച്ചു. തൃശൂരിന് നവഭാവങ്ങൾ നൽകി അതിനെ പുനരുജ്ജീവിപ്പിച്ചത് ശക്തൻതമ്പുരാൻ എന്നറിയപ്പെട്ട രാമവർമ രാജാവാണ്.

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തന്റെ മുൻനിരയിൽ നിന്ന പ്രദേശങ്ങളിലൊന്നായിരുന്നു തൃശൂർ. കൊച്ചി സംസ്ഥാനത്തിൽ ഉൾപ്പെട്ട പ്രദേശങ്ങൾ തിരുവിതാംകൂറുമായി ചേർന്ന് 1949 തിരു- കൊച്ചി സംസ്ഥാനമായി മാറി. 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപീകൃതമായപ്പോൾ ഉണ്ടായിരുന്ന അഞ്ച് ജില്ലകളിൽ ഒന്നായിരുന്നു തൃശൂർ. സ്വാഗതം, കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനത്തേക്ക്.

**വർത്തമാനകാലത്തിന്റെ പ്രസക്തി**

ക്ഷത്രിയ ക്ഷേമസഭയുടെ 36-ാം സംസ്ഥാന സമ്മേളനത്തിന് എത്തിച്ചേർന്ന എല്ലാവർക്കും ഹൃദ്യമായ സ്വാഗതം. കേരളത്തിന്റെ സാംസ്കാരിക ചരിത്രവും മുന്നോക്ക സമുദായങ്ങളുടെ പാരമ്പര്യത്തിന്റെ പിൻകാല ചരിത്രവും വേർതിരിച്ചു മാത്രം കാണാനുള്ള ഇതര സമുദായങ്ങളുടെ ബോധപൂർവമായ ശ്രമങ്ങൾ വർധിച്ചുവരുന്ന കാലഘട്ടത്തിലൂടെയാണ് സംഘടനയും സമുദായ അംഗങ്ങളും കടന്നുപോകുന്നത്. ഇത് ഇതര സമുദായങ്ങളുടെ ബൗദ്ധിക പാപ്പരത്തമായി തള്ളിക്കളയരുതെന്നാണ് പുതിയ പലസംഭവങ്ങളും പഠിപ്പിക്കുന്നത്. അടുത്തയിടെ ദേവസ്വം ബോർഡുകളിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ മുന്നോക്ക സമുദായത്തിനു ഏർപ്പെടുത്തിയ സംവരണത്തിൽ സംസ്ഥാന സർക്കാരിനെതിരേ വിവിധ തലങ്ങളിൽനിന്നു ഉയർന്നിട്ടുള്ള പ്രതിഷേധം ഇതിനു ഉത്തമ ഉദാഹരണമാണ്. പ്രതിഷേധം ഇനിയും വളർന്നു വലുതാകാനുള്ള സാധ്യത കാണേണ്ടിയിരിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ അഭിനന്ദനാർഹമായ തീരുമാനമാണ് എടുത്തതെന്നാണ് സംസ്ഥാന ക്ഷത്രിയ ക്ഷേമ സഭയുടെ ഉറച്ച അഭിപ്രായം. സംവരണ വിഷയത്തിൽ സർക്കാരിന്റെ തീരുമാനം വന്ന ഉടൻ തന്നെ സഭ ഇതു പരസ്യമായി പറയുകയും ചെയ്തു. നിയമക്കുരുക്കിന്റെ നൂലാമാലകളിൽപ്പെട്ടു കിടന്നതുമായ അടുത്തൂൺ വിഷയത്തിൽ നേട്ടം കൊയ്തതിന്റെ അഭിമാനകരമായ മുഹൂർത്തത്തിലാണ് വാർഷിക സമ്മേളനം ചേരുന്നത്. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുകൂലമായ തീരുമാനം കൈക്കൊണ്ട സംസ്ഥാന സർക്കാരിനുള്ള നന്ദിയും ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്. അധികാരങ്ങളും അവകാശങ്ങളും ഉണ്ടായിരുന്ന പഴയകാല പ്രൗഢികൾ ഒന്നൊന്നായി നഷ്ടപ്പെടുമ്പോഴും ക്ഷത്രിയരുടെ മുഖമുദ്രകളായ അന്തസ്സും അഭിമാനവും വിവേകവും സഹിഷ്ണുതയും കെടാതെ നിലനിൽക്കുന്നുവെന്നതാണ് നമ്മുടെ കരുത്ത്. അംഗബലം കുറവാണെങ്കിലും സാമൂഹിക മാറ്റങ്ങളെ നിരീക്ഷണ കൗതുകത്തോടെ പഠിച്ച്, സനാതന ധർമങ്ങളുടെ സംരക്ഷണത്തിൽ ശക്തമായി പ്രതികരിക്കാനും നാടിന്റെ സാംസ്കാരിക നവോത്ഥാന പ്രക്രിയയിൽ നിർണായക പങ്കു വഹിക്കാനും ക്ഷത്രിയർ ഒരിക്കലും പിൻപന്തിയിലായിരുന്നില്ല. ജന്മസിദ്ധമായ സഹിഷ്ണുതയും സാംസ്കാരികാവബോധവും ക്ഷത്രിയ തേജസ്സിന്റെ ബലഹീനതകളായി ചിത്രീകരിക്കപ്പെട്ടപ്പോൾ സംഘടിച്ചു മുന്നേറുക എന്ന അനിവാര്യത ഉൾക്കൊള്ളാൻ ക്ഷത്രിയർ നിർബന്ധിതരായി. ഈ ഉണർവിൽ നിന്നു പടർന്നു പന്തലിച്ച ക്ഷത്രിയ കൂട്ടായ്മയുടെ രൂപാന്തരമാണ് ക്ഷത്രിയ ക്ഷേമസഭ. മഹാരഥന്മാരായ സർവശ്രീ എം. സി. കേരള വർമ്മ, പി. ആർ. രാമവർമ്മ രാജ എന്നിവരുടെ നേതൃത്വത്തിൽ 1981 മാർച്ച് 29- നാണ് സംസ്ഥാന സംഘടനയായ ക്ഷത്രിയ ക്ഷേമസഭ നിലവിൽ വന്നത്. ഇപ്പോൾ കേരളത്തിൽ ഭൂരിപക്ഷം ജില്ലകളിലും പ്രാദേശിക യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഇതര സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും ക്ഷത്രിയരുടെ കൂട്ടായ്മ സജീവമായിട്ടുണ്ട്.

**വാർഷിക റിപ്പോർട്ടും വരവു ചെലവു കണക്കും**

എറണാകുളം ടിഡിഎം ഹാളിനു സമീപം ശക്തൻ തമ്പുരാൻ നഗറിൽ (വിമൻസ് അസോസിയേഷൻ ഹാൾ) 2016 ഡിസംബർ 18 നു ക്ഷത്രിയ ക്ഷേമസഭയുടെ 35-മതു സംസ്ഥാന വാർഷിക സമ്മേളനവും പൊതുസമ്മേളനവും പ്രൗഢിയോടെ നടത്തിയതിന്റെ ഓർമ്മ ഈ അവസരത്തിൽ പങ്കുവയ്ക്കുകയാണ്. സമ്മേളനം ഏറ്റെടുത്തു നടത്തിയ എറണാകുളം യൂണിറ്റിനും സമ്മേളനത്തിൽ ആത്മാർത്ഥമായി സഹകരിച്ച ക്ഷത്രിയകുടുബാംഗങ്ങളോടുമുള്ള നന്ദിയും കടപ്പാടും ഒരിക്കൽ കൂടി അറിയിക്കട്ടെ. 35-ാംമതു സമ്മേളനത്തിനു ശേഷമുള്ള കാലയളവിലെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പേർട്ടും 2016-17 വർഷത്തെ വരവു ചെലവു കണക്കും വിശദമായ ചർച്ചയ്ക്കും പൊതുയോഗത്തിന്റെ അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

**അനുശോചനം**

റിപ്പോർട്ട് കാലയളവിൽ നമ്മേ വിട്ടുപിരിഞ്ഞ ബന്ധുജനങ്ങളെ സഭയുടെ ഭരണ സമിതി യോഗങ്ങളിൽ അനുസ്മരിക്കുകയും അവരുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സഭയുടെ എക്കാലത്തെയും പ്രവർത്തനങ്ങളിൽ നിസ്തുലമായ സംഭാവനകൾ നൽകി

യിട്ടുള്ള എല്ലാവരെയും ഒരിക്കൽകൂടി അനുസ്മരിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു. അവരുടെ ഓർമ്മകൾക്കു മുന്നിൽ ഒരിക്കൽകൂടി ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**ഭരണസമിതി**

എറണാകുളം വിമൻസ് അസോസിയേഷൻ ഹാളിൽ 2016 ഡിസംബർ 18 നു ക്ഷത്രിയക്ഷേമസഭ യുടെ 35-ാംമതു സംസ്ഥാന വാർഷിക സമ്മേളനവും പൊതുയോഗവും നടന്നു. കോട്ടയം സിഎംഎസ് കോളേജ് ഗ്രേറ്റ് ഹാളിൽ (പ്രഫ. അമ്പലപ്പുഴ രാമവർമ്മ നഗർ) 2016 ജനുവരി മൂന്നിനു തിരഞ്ഞെടുക്ക പ്പെട്ട ഭരണസമിതിയുടെ നേതൃത്വത്തിലാണ് സമ്മേളനം നടന്നത്.

**സംസ്ഥാന ഭരണ നിർവാഹക സമിതി പ്രവർത്തനം**

റിപ്പോർട്ടു കാലയളവിൽ സംസ്ഥാന ഭരണ നിർവാഹക സമിതിയോഗം അഞ്ചു തവണ ചേർന്നു. 2017 ഫെബ്രുവരി 12നു തിരുവല്ല, ഏപ്രിൽ 16നു തിരുവനന്തപുരം, ജൂലൈ രണ്ടിനു കോട്ടയം, ഒക്ടോ ബർ ഒന്നിനു കരിവള്ളൂർ, ഡിസംബർ രണ്ടിനു തൃശൂർ, യൂണിറ്റുകളുടെ നേതൃത്വത്തിലാണ് യോഗ ങ്ങൾ നടന്നത്. സംസ്ഥാന ഭരണ നിർവാഹക സമിതി യോഗങ്ങൾക്കു മുന്നോടിയായി ചേരുന്ന ഗവേ ണിങ്ങ് ബോഡി യോഗങ്ങളിൽ കൃത്യമായ അജണ്ട നിശ്ചയിച്ച് ചർച്ച ചെയ്ത് തീരുമാനം എടുത്താണ് മുന്നോട്ടു പോകാറുള്ളത്. ഈ നിർദ്ദേശങ്ങളും തീരുമാനങ്ങളും കേന്ദ്രസഭയിൽ അവതരിപ്പിച്ച് അഭി പ്രായസമന്വയത്തിൽ കൂടി അന്തിമ തീരുമാനത്തിൽ എത്തുകയാണ് പതിവ്. ഇവയാണ് യൂണിറ്റുകൾ പ്രാബല്യത്തിൽ വരുത്തുന്നത്. യൂണിറ്റുകളാണ് സഭയുടെ കരുത്ത്. നിലവിലുള്ള യൂണിറ്റുകൾ കരു ത്താർജിക്കുക, നിർജീവമായ യൂണിറ്റുകൾ പുനരുദ്ധരിക്കുക, പുതിയ യൂണിറ്റുകൾ രൂപീകരിക്കുക, തുടങ്ങിയ തീരുമാനങ്ങളോടെയാണ് ഇത്തവണയും ഒരു വർഷത്തെ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചത്. ഇതുപ്രകാരം ബാലുശേരിയിൽ പുതിയ യൂണിറ്റ് നിലവിൽ വന്നു. റിപ്പോർട്ട് വർഷത്തിന്റെ അവസാന നാളുകളിലാണ് യൂണിറ്റ് രൂപീകരിച്ചത്. ബാലുശേരിയിൽ അവിടുത്തെ തന്നെ സമുദായാംഗ ങ്ങളുടെ ശ്രമഫലമായാണ് കൂട്ടായ്മ രൂപപ്പെട്ടത്. സംസ്ഥാന സമിതിയുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കാൻ താൽപര്യം പ്രകടിപ്പിച്ച യൂണിറ്റിനെ ആത്മാർത്ഥമായി സ്വാഗതം ചെയ്യുന്നു. വരും വർഷങ്ങളിൽ ശോഭനമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയട്ടെയെന്നും ആശംസിക്കുന്നു. ഇത് ഉൾപ്പെടെ കേരളത്തിൽ സംസ്ഥാന സമിതിയോടു അഫിലിയേറ്റു ചെയ്ത് 22 ക്ഷത്രിയ ക്ഷേമസഭ യൂണിറ്റുകൾ നിലവിലുണ്ട്. എന്നാൽ ഇതിൽ അപൂർവ്വം ചില യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ പ്രതീ ക്ഷയ്ക്കൊത്ത് ഉയർന്നിട്ടില്ലെന്നത് ദുഖകരമാണ്. ഇതേ സമയം മറ്റു ചില യൂണിറ്റുകൾ പ്രവർത്തനരം ഗത്ത് അഭിനന്ദനാർഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കുന്നതിന്റെയും ആചരിക്കുന്നതിന്റെയും ഭാഗമായി യോഗക്ഷേമ സഭയും ക്ഷത്രിയക്ഷേമസഭയും യോജിച്ച് തിരുവനന്തപുരത്ത് 'ശ്രീ അനന്തപുരി അന്യോന്യം' എന്ന പേരിൽ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനു കൂട്ടായ വേദി ആരംഭിച്ചതും പുതിയ കാൽവ യ്പാണ്. ഉദ്യമത്തിന് സംസ്ഥാനസമിതിയുടെ ആശംസകൾ. തിരുവനന്തപുരം സഭാ യൂണിറ്റ് സെക്ര ട്ടറി ശ്രീ. രാമവർമ്മയാണ് അന്യോന്യം സെക്രട്ടറി.

ആചാരാനുഷ്ഠാനങ്ങൾ പഠിക്കാൻ ആഗ്രഹിക്കുന്ന സമുദായത്തിലെ കുട്ടികൾക്ക് അവസരം ഒരുക്ക ണമെന്ന് കരപ്പുറം ക്ഷത്രിയ ക്ഷേമസഭയുടെ നിർദ്ദേശം സംസ്ഥാന സമിതി ഏകകണ്ഠമായി സ്വാഗതം ചെയ്തു. സ്വസമുദായ അംഗങ്ങളിൽ അഭിരുചിയുള്ളവരെ കണ്ടെത്തി മന്ത്ര-തന്ത്രങ്ങളും ക്ഷേത്രാചാര ങ്ങളും പഠിപ്പിച്ച് വിജയികൾക്ക് സർട്ടിഫിക്കേറ്റ് നൽകുന്ന രീതി മിക്ക സമുദായ സംഘടനകളും അവ ലംബിച്ച് വരുന്നുണ്ട്. ക്ഷത്രിയ ക്ഷേമസഭയ്ക്ക് സ്വന്തം നിലയിൽ തന്ത്രവിദ്യാപീഠം തുടങ്ങുവാൻ പല കാരണങ്ങൾ കൊണ്ടും സാധിക്കാത്ത സാഹചര്യത്തിൽ മറ്റു സമുദായ സംഘടനകളുടെ വിദ്യപീഠങ്ങ ളിൽ ക്ഷത്രിയ സമുദായ അംഗങ്ങൾക്കും പ്രവേശനം ലഭിക്കുന്നതിന് അവസരം ഒരുക്കണമെന്നുമായി രുന്നു നിർദ്ദേശം.

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കോട്ടയം യൂണിറ്റ് പുറത്തിറക്കിയ പരിസ്ഥിതി സൗഹൃദ 'ക്ഷത്രിയം ഇ- ഇരുമുടി' പരക്കെ സ്വീകരിക്കപ്പെട്ടു. ഇരുമുടിയിൽ പ്രത്യേകം അച്ചടിച്ച 'ക്യൂ ആർ കോഡ്' ഇരുമുടിയുടെ ഹൈലൈറ്റും പുതുമയുമായി.

കഴിഞ്ഞ സംസ്ഥാന സമ്മേളനത്തിൽ സജീവ പങ്കാളിയായിരുന്ന കൊച്ചിൻ ക്ഷത്രിയസമാജം യൂണിറ്റ് കേന്ദ്രസഭാ പ്രവർത്തനങ്ങളിൽ നിന്ന് ഈ റിപ്പോർട്ടു വർഷകാലം വിട്ടു നിന്നു. എന്നാൽ യൂണിറ്റുമായി കേന്ദ്രസഭാ പ്രതിനിധികൾ നടത്തിയ അനുരഞ്ജന ചർച്ചയുടെ ഫലമായി തുടർന്നുള്ള കേന്ദ്രസഭ പ്രവർത്തനങ്ങളിൽ സഹകരിച്ച് മുന്നോട്ടുവരുമെന്ന് പ്രതീക്ഷിക്കുന്നു.

ജീവകാരുണ്യ പ്രവർത്തനങ്ങളിലും വിദ്യാഭ്യാസ പ്രോത്സാഹനങ്ങൾക്കും വിവിധ യൂണിറ്റുകൾ കാണിക്കുന്ന താൽപര്യം പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. കൂടാതെ ഓണം, വിഷു, തിരുവാതിര തുടങ്ങിയ കേരളീയ ആഘോഷങ്ങൾക്ക് വേണ്ട പ്രാധാന്യം നൽകി യൂണിറ്റുകൾ സാംസ്കാരിക പ്രവർത്തനങ്ങൾ ഏർപ്പെടുത്തിവരുന്നതും പ്രശംസനീയമാണ്.

**ക്ഷാത്രസ്പന്ദനം : വായനയ്ക്കും വാർത്തയ്ക്കും വേറിട്ടമുഖം**

ക്ഷത്രിയ ക്ഷേമസഭയുടെ അക്ഷര മുഖമാണ് 'ക്ഷാത്രസ്പന്ദനം'. തേജസാർന്ന നിലയിൽ മാസി കയെ ചിട്ടപ്പെടുത്തുന്നതിന് ഈ റിപ്പോർട്ട് വർഷക്കാലം പുതിയ എഡിറ്റോറിയൽ ബോർഡ് നിലവിൽ വന്നു. സർക്കുലേഷനും വരിസംഖ്യാമേൽനോട്ടത്തിനും സമിതി രൂപീകരിച്ചു. എക്കാലവുമുള്ള വരി ക്കാരുടെ വിവിധ പരാതികൾക്കു ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇ

നിയും ഒട്ടേറെ പരാതികൾ ശേഷിക്കുന്നുണ്ട്. അത് പരിഹരിക്കാൻ ക്ഷത്രിയ ക്ഷേമസഭയും എഡിറ്റോറിയൽ വിഭാഗവും പ്രതിജ്ഞാബദ്ധമാണ്. അച്ചടിയിലും എഡിറ്റിങ്ങിലും സൃഷ്ടികൾ തിരഞ്ഞെടുക്കുന്നതിലും പുതിയ എഡിറ്റോറിയൽ ബോർഡ് കാണിക്കുന്ന ശുഷ്കാന്തി പ്രത്യേകം എടുത്തു പറയേണ്ടതാണ്. ഈ ശുഷ്കാന്തി മാസികയുടെ വിതരണത്തിലും ഉണ്ടാകേണ്ടതുണ്ട്. വരിക്കാർക്ക് മാസിക കൃത്യമായി കിട്ടുന്നതിനുള്ള ക്രമീകരണം കുറ്റമറ്റ രീതിയിലാകുമെന്നു ഇത്തരുണത്തിൽ ഉറപ്പു നൽകാൻ ആഗ്രഹിക്കുകയാണ്. ഇതോടൊപ്പം യൂണിറ്റുകളും വരിക്കാരും മാസികയ്ക്കു നൽകാനുള്ള കുടിശികയും വേഗം തീർക്കണമെന്നു സംസ്ഥാന സമിതിയ്ക്ക് അഭിപ്രായമുണ്ട്. ഇതോടൊപ്പം മാസികയിലേക്ക് മികവുറ്റ സൃഷ്ടികൾ നൽകണം. കഴിഞ്ഞ സംസ്ഥാന സമിതിയോഗത്തിൽ മാസികയുടെ വാർഷിക വരിസംഖ്യ 100 രൂപയിൽ നിന്നു 150 രൂപയായി വർധിപ്പിക്കാൻ നിർദ്ദേശവും തീരുമാനവും ഉണ്ടായിട്ടുണ്ട്. കൂടാതെ മാട്രിമോണിയൽ പരസ്യതുക 500 രൂപയായും വർധിച്ചു. അച്ചടിക്കൂലിയുടെ വർധനയും തപാൽ ചാർജും മറ്റും കഴിഞ്ഞ വിവിധ കാലയളവിൽ കൂടിയെങ്കിലും മാസികയുടെ വരിസംഖ്യ വർധിപ്പിച്ചിരുന്നില്ല. ഇനിയും മാസിക തുടർന്നു കൊണ്ടുപോകണമെങ്കിൽ വരിസംഖ്യയും പരസ്യ നിരക്കും വർധിപ്പിച്ചേ മതിയാകൂവെന്ന അഭിപ്രായമാണ് സംസ്ഥാന സമിതിയിൽ ഉണ്ടായത്.

മാസികയുടെ എഡിറ്റോറിയൽ പുന:സംഘടനയിൽ പത്രാധിപർ എം. രവിവർമ്മ രാജയെ എഡിറ്റോറിയൽ അഡ്വൈസറായി തിരഞ്ഞെടുത്തു. ഡോ. എം ലളിതാംബികയാണ് ചീഫ് എഡിറ്റർ, സർക്കുലേഷൻ മാനേജരായി ആർ. രവിവർമ്മയും അസി. സർക്കുലേഷൻ മാനേജരായി പി. കെ. ജയചന്ദ്രവർമ്മയും തിരഞ്ഞെടുക്കപ്പെട്ടു. ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന പ്രസിഡന്റും ജനറൽ സെക്രട്ടറിയും കൂടാതെ പ്രൊഫ. പി.എൻ. സോമവർമ്മ രാജാ, പ്രൊഫ. വൃന്ദാദേവി തമ്പുരാൻ, എ. ഉദയവർമ്മ, പി.ജി. ശശികുമാർ വർമ്മ, യു. രാജേന്ദ്രവർമ്മ എന്നിവരെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായും തിരഞ്ഞെടുത്തു.

**കേന്ദ്രസഭയുമായി അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന പ്രാദേശിക യൂണിറ്റുകൾ**

നീലേശ്വരം, കരിവെള്ളൂർ, പിലാത്തറ, ഇരിട്ടി, ചിറയ്ക്കൽ, തൃശ്ശൂർ, ഇരിങ്ങാലക്കുട, കൊരട്ടി, ചാലക്കുടി, കുറ്റിലഞ്ഞി, വെള്ളാരപ്പള്ളി, എറണാകുളം, ഇടപ്പള്ളി, തൃപ്പൂണിത്തുറ, വൈക്കം, കോട്ടയം, ചേർത്തല, ആലപ്പുഴ, പന്തളം, തിരുവല്ല, തിരുവനന്തപുരം, ബാലുശ്ശേരി, കോഴിക്കോട്, ബേപ്പൂർ.

**അമേരിക്കയിലെ ക്ഷത്രിയ കൂട്ടായ്മയും റിയാക്ടിന്റെ ജീവകാരുണ്യ പ്രവർത്തനവും**

ക്ഷേമ പ്രവർത്തനങ്ങൾക്കു മുൻതൂക്കം നൽകിയാണ് സഭ എക്കാലവും പ്രവർത്തിച്ചു വരുന്നത്. വിദ്യാഭ്യാസ- ആതുരശുശ്രൂഷ രംഗത്ത് സാമ്പത്തിക സഹായം നൽകുന്നതിനു റിയാക്ട് (റോയൽ എജ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ്) സജീവമായി പ്രവർത്തിക്കുന്നത് എല്ലാവർക്കും അറിവുള്ളതാണല്ലോ. അതിന്റെ സേവനം പ്രയോജനപ്പെടുത്താൻ കൂടുതൽ യൂണിറ്റുകളും ശ്രമിക്കണം. 2016 –17 സാമ്പത്തിക വർഷത്തിൽ പത്തു പേർക്കായി 1,15,000 രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

ശ്രീമതി. ഡോ. എം. ലളിതാംബികയാണ് റീയാക്ടിന്റെ ചെയർ പേഴ്സൺ. ശ്രീ. എം. രവിവർമ്മ രാജാ വൈസ് ചെയർമാനായും ശ്രീ. പി.കെ. രഘുവർമ്മ സെക്രട്ടറിയായും സേവനമനുഷ്ഠിക്കുന്നു. സഭയുടെ ട്രഷറാർ ശ്രീ. പി.ജി. ശശികുമാർ വർമ്മ ജോ. സെക്രട്ടറിയും ശ്രീ. കെ. എൻ. രാമവർമ്മ ട്രഷറാറുമാണ്. റിയാക്ടിലേക്ക് സംഭാവന ചെയ്യുന്നവർക്ക് 80 ജി അനുസരിച്ചുള്ള ഇളവ് ലഭിക്കുന്നതാണ്. ഇതിന്റെ ഭാഗമായ ഉത്തരവ് ഈ റിപ്പോർട്ട് വർഷക്കാലം ലഭിക്കുകയുണ്ടായി.

ഇതിനു പുറമേയാണ് അമേരിക്കയിൽ താമസിക്കുന്ന ക്ഷത്രിയരുടെ കൂട്ടായ്മ സഭയുമായി യോജിച്ച് ജീവകാരുണ്യ പ്രവർത്തനം നടത്താൻ തയാറായിട്ടുള്ളത്. സഭാ അംഗങ്ങളിൽ ചികിത്സയ്ക്കും പഠനത്തിനും സഹായം അർഹിക്കുന്നവരെ കണ്ടെത്തി ക്ഷത്രിയക്ഷേമ സഭ സംസ്ഥാന സമിതി അമേരിക്കയിലെ ക്ഷത്രിയ കൂട്ടായ്മയെ വിവരം അറിയിക്കുകയാണ് ചെയ്യുന്നത്. ഇതിനു പ്രത്യേകമായി അപേക്ഷഫോറവും തയ്യാറാക്കിയിട്ടുണ്ട്. യൂണിറ്റുകൾ നിർദ്ദേശിക്കുന്ന അപേക്ഷകളിൽ മതിയായ അന്വേഷണം നടത്തി അർഹമായ അപേക്ഷകൾ സംസ്ഥാന സമിതി അമേരിക്കയിലെ കൂട്ടായ്മയ്ക്കു നൽകും. അപേക്ഷ പരിഗണിക്കേണ്ടതാണെന്നു അവർക്കു കൂടി ബോധ്യപ്പെട്ടാൽ പണം നേരിട്ട് അപേക്ഷകനു അയച്ചു കൊടുക്കും. ഇതാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടിക്രമം. ഈ പദ്ധതി നടപ്പാക്കുന്നതിൽ സഭയുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. എൻ. സുരേന്ദ്രനാഥവർമ്മ പ്രത്യേക താൽപര്യമെടുത്തിട്ടുണ്ട്. ചേർത്തല മാളികയിൽ ശ്രീ. ജി. എൻ. ബി. വർമ്മ (ബാലാജി) പദ്ധതിയുടെ കോ-ഓർഡിനേറ്റർ എന്ന നിലയിൽ സ്തുത്യർഹമായ സേവനമാണ് സഭയ്ക്കു വേണ്ടി നടത്തിയത്. അർഹരായവർക്ക് വേഗം ധനസഹായം കിട്ടുന്നതിന് ഈ റിപ്പോർട്ട് വർഷക്കാലവും സഭ യത്നിച്ചിട്ടുണ്ട്.

**ഗൾഫ് മേഖലയിലെ കൂട്ടായ്മ**

ക്ഷത്രിയ ക്ഷേമ സഭയുടെ യൂണിറ്റ് എന്ന പേരിലല്ലെങ്കിലും ഗൾഫ് മേഖലകളിലും ക്ഷത്രിയരുടെ കൂട്ടായ്മ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ദുബായ് കേന്ദ്രമായുള്ള 'വായു' വിന്റെ പ്രവർത്തനം ശ്ലാഘനീയമാണ്. ഇത്തവണത്തെ ഓണാഘോഷ പരിപാടികളിൽ ക്ഷത്രിയ ക്ഷേമ സഭയുടെ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ.എൻ. സുരേന്ദ്രനാഥവർമ്മ , വൈസ് പ്രസിഡന്റ് ആർ. രാമവർമ്മ, മുതിർന്ന അംഗം എം. രവിവർമ്മ രാജ, ജനറൽ സെക്രട്ടറി ആത്മജ വർമ്മ തമ്പുരാൻ തുടങ്ങിയവർ ഉൾപ്പെട്ട സംഘം പങ്കെടുത്തു. സഭാ നേതാക്കളുടെ സന്ദർശനം 'വായു'വിന്റെ പ്രവർത്തനത്തിന് ഉണർവ്വേകി. 'വായു' പ്രസിന്റ് അനിൽ രാമവർമ്മ, വൈസ് പ്രസിഡന്റ് രാമവർമ്മ രവീന്ദ്രൻ, സെക്രട്ടറി സഞ്ജയ് വർമ്മ, ജോയിന്റ് സെക്രട്ടറി അജീഷ് വർമ്മ, ട്രഷറാർ സ്മൃതി വർമ്മ എന്നിവരുടെ നേതൃത്വത്തിൽ സഭാ നേതാക്കൾക്ക് ഹൃദ്യമായ സ്വീകരണവും സഹകരണവുമാണ് ലഭിച്ചത്. മസ്ക്കറ്റിലെ ക്ഷത്രിയ കൂട്ടായ്മയിലും സഭാ നേതാക്കൾ പങ്കെടുത്തു. യൂണിറ്റ് രൂപീകരണത്തിന് ഈ കൂട്ടായ്മയിൽ ധാരണ ആയിട്ടുണ്ട്. ഗൾഫ് പര്യടനത്തിൽ ഉടനീളം താമസസൗകര്യം, ഭക്ഷണം, യാത്രാസൗകര്യം, വിവിധയിടങ്ങളിലെ അംഗങ്ങളെ സന്ദർശിക്കൽ തുടങ്ങി യാത്രയയപ്പു വരെ ദുബായ്, മസ്കറ്റ് എന്നിവടങ്ങളിലെ അംഗങ്ങൾ നൽകിയ സൗകര്യങ്ങൾക്ക് നന്ദി അറിയിക്കട്ടെ.

**സംസ്ഥാന സമിതി ഓഫീസ് നിർവഹണം**

ക്ഷത്രിയ ക്ഷേമസഭയുടെ ഓഫിസ് ഇപ്പോൾ തിരുവനന്തപുരം സുന്ദരവിലാസം കൊട്ടാരത്തിലാണ് പ്രവർത്തിക്കുന്നത്. ഓഫിസ് കെട്ടിടം നവീകരിക്കുന്നതിനു ബഹു. അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ബായ് അവർകളോടു അനുമതി ചോദിക്കുകയും അതിനു അനുവാദം തരുകയും ചെയ്തിട്ടുണ്ട്. നിയമാനുസൃതമായ രൂപഘടനയിൽ പരമിതികൾക്കുള്ളിൽ നിന്നു ഓഫിസ് പരിഷ്കരിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു. ഇതിനായി സ്കെച്ചും പ്ലാനും തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഫണ്ട് സമാഹരണത്തിന്റെ നല്ല ഒരുഘട്ടം പൂർത്തിയായാൽ ഇക്കാര്യങ്ങളിൽ വേഗം കൂടും എന്നാണ് പ്രതീക്ഷിക്കുന്നത്.

**സ്ത്രീ ശാക്തീകരണത്തിന് വനിതാ വിഭാഗം**

ക്ഷത്രിയ ക്ഷേമ സഭയുടെ ഭാഗമായി സ്ത്രീ ശാക്തീകരണത്തിന് രൂപീകരിച്ച വനിതാ വിഭാഗം മികവുറ്റ രീതിയിൽ പ്രവർത്തനം നടത്തിവരുന്നു. സഭയുടെ കൂടുതൽ യൂണിറ്റുകളുമായി ബന്ധപ്പെട്ട് വിവിധ ചെറുകിട സംരംഭങ്ങളും വനിതാകൂട്ടായ്മ നടത്തുന്നുണ്ട്. സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ ഉപന്യാസ മത്സരം ശ്രദ്ധയാകർഷിച്ചു. യൂണിറ്റു തലത്തിലും സംസ്ഥാന തലത്തിലും കൂടുതൽ കരുത്താർജ്ജിക്കുന്നതിന് പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രസിഡന്റ് റ്റി. കെ. ലീലാഭായി തമ്പുരാട്ടിയും, സെക്രട്ടറി വി.കെ. കോമളവല്ലിയും ചേർന്നുള്ള സമിതിയാണ് നേതൃത്വം നല്കുന്നത്. ഡോ. സുജാത രാമചന്ദ്രൻ, എ. ആർ. ജയശ്രീ എന്നിവർ വൈസ്പ്രസിഡന്റുമാരായ കമ്മിറ്റിയും പ്രവർത്തനത്തിന് ശക്തി പകരുന്നു.

**അടുത്തൂൺ**

ക്ഷത്രിയ ക്ഷേമസഭയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ തിളക്കമുള്ള അധ്യായമായി എക്കാലവും കുറിക്കപ്പെടുന്നതാണ് അടുത്തൂൺ വർധന. കേരളത്തിലെ മുൻ നാട്ടുരാജാക്കൻമാർക്കുംകുടുബാംഗങ്ങൽക്കും പ്രതിമാസ കുടുംബപെൻഷൻ ആയിരം രൂപയിൽനിന്നും 3,000 രൂപയായി വർധിച്ച് സർക്കാർ ഉത്തരവിറങ്ങി. മുൻ നാട്ടുരാജാക്കൻമാരുടെ കുടുംബാംഗങ്ങളുടെ ഫാമിലി ആൻഡ് പൊളിറ്റിക്കൽ പെൻഷൻ പരിഷ്കരിക്കണമെന്നു സംസ്ഥാന ക്ഷത്രിയ ക്ഷേമസഭയും വിവിധ പ്രദേശങ്ങളിലെ ക്ഷത്രിയ ക്ഷേമസഭകൾ സർക്കാരിനു നിവേദനവും ഹൈക്കോടതിയിൽ സ്റ്റേ നൽകിയിരുന്നു. തുടർന്ന്, കോട്ടയം ചെങ്ങളം തെക്കേടത്തു കോവിലകത്തെ കേരളവർമ്മ തമ്പാൻ ഉൾപ്പെടെ 55 പേർ ചേർന്നു ഹൈക്കോടതിയെയും സമീപിച്ചിരുന്നു. ആറു മാസത്തിനുള്ളിൽ പെൻഷൻ സംബന്ധിച്ച അപാകതകൾ പരിഹരിക്കാൻ കോടതി നിർദേശിക്കുകയുംചെയ്തു. തുടർന്നാണു പെൻഷൻ പരിഷ്കരിക്കാൻ കഴിഞ്ഞ നവംബർ മാസം മന്ത്രിസഭ തീരുമാനിച്ചത്. ഇതനുസരിച്ച് പൊതുഭരണവകുപ്പ് ഉത്തരവിറക്കി. ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന നേതൃത്വം ഇതിനായി, പലതവണ നിവേദനം നൽകുകയും ധനമന്ത്രിയെ ഉൾപ്പെടെ നേരിൽ കണ്ട് കാര്യങ്ങൾ ധരിപ്പിക്കുകയും ചെയ്തിരുന്നു. കോടതിയിലും സർക്കാരിലും ഇതിനായി യത്നിച്ച എല്ലാവർക്കും പ്രത്യേകമായ വഅഭിനന്ദനവും കടപ്പാടും രേഖപ്പെടുത്തുന്നു.

**ക്ഷാത്ര ജാലകം**

സഭയുടെ ഔദ്യോഗിക വെബ്സൈറ്റായി ക്ഷാത്രജാലകം പ്രവർത്തിക്കുന്നുണ്ട്. അംഗങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ലെന്നാണ് വിവരം. സൈറ്റിന്റെ പ്രവർത്തനവും മെച്ചപ്പെടുത്തേണ്ടതുണ്ട്. ശ്രീ. രാമപ്രസാദ് ചീഫ് എഡിറ്ററായുള്ള അഞ്ചംഗ പത്രാധിപ സമിതിയാണ് ക്ഷാത്ര ജാലകത്തിനായി പ്രവർത്തിക്കുന്നത്.

**കേന്ദ്രസഭ നൽകി വരുന്ന സ്കോളർഷിപ്പുകളും എൻഡോവ്മെന്റുകളും**

**1. മഹാറാണി സേതുപാർവ്വതിഭായി സ്മാരക വിദ്യാഭ്യാസ സ്കോളർഷിപ്പ്**

| | |
|---|---|
| എഞ്ചിനീയറിംഗ് | - 10,000 രൂപ വീതം 4 വർഷത്തേക്ക് |
| മെഡിസിൻ | - 10,000 രൂപ വീതം 4 വർഷത്തേക്ക് |
| ഫൈൻ ആർട്സ് | - 5,000 രൂപ വീതം 3 വർഷത്തേക്ക് |
| ഡിഗ്രിക്ക് | - 5,000 രൂപ വീതം 3 വർഷത്തേക്ക് |

**2. സി.കെ. രാമവർമ്മരാജ മെമ്മോറിയൽ എൻഡോവ്മെന്റ്**

ഹയർസെക്കന്ററി (+2) പരീക്ഷയിൽ ഇംഗ്ലീഷിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് 1001 രൂപ

**3. അഡ്വ. കേരളവർമ്മ മെമ്മോറിയൽ എൻഡോവ്മെന്റ്**

ഹയർസെക്കന്ററി (+2) പരീക്ഷയിൽ കണക്കിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് 1001 രൂപ

**4. കെ.വി. രാജ മെമ്മോറിയൽ എൻഡോവ്മെന്റ്**

ഹയർസെക്കന്ററി (+2) പരീക്ഷയിൽ ഫിസിക്സിന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് 1001 രൂപ

**5. ഭാനുരാജ മെമ്മോറിയൽ എൻഡോവ്മെന്റ്**

ഹയർസെക്കന്ററി (+2) പരീക്ഷയിൽ കെമിസ്ട്രിക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് 1001 രൂപ

**6. പത്മഭൂഷണൻ രാഘവൻ തിരുമുൽപ്പാട് സ്മാരക എൻഡോവ്മെന്റ്**

സംസ്കൃതം/ആയുർവ്വേദ പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടിക്ക് 1000 രൂപ വീതം

**7. ഢഅഡ (ഢമ്യാമ അലൈരശമശേീ ീള ഡഅള) ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പ്**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഡിഗ്രിക്ക് പഠിക്കുന്ന 2 കുട്ടികൾക്ക് 12,000 രൂപ വീതം 3 വർഷത്തേയ്ക്ക്

**ഉപസംഹാരം**

ക്ഷത്രിയ ക്ഷേമ സഭയുടെ പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹകരണം നൽകി കൊണ്ടിരിക്കുന്ന ബഹുമാന്യരായ സഭാംഗങ്ങളോടുള്ള കടപ്പാടും സ്നേഹവും ഈ അവസരത്തിൽ കൃതജ്ഞതാപൂർവം രേഖപ്പെടുത്തികൊള്ളുന്നു. 2016-17 ലെ വാർഷിക റിപ്പോർട്ട് പൊതുയോഗത്തിൽ അംഗങ്ങളുടെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

സംസ്ഥാന സമിതിക്കു വേണ്ടി,

ജനറൽ സെക്രട്ടറി

**ആത്മജ വർമ്മ തമ്പുരാൻ**

തിരുവനന്തപുരം
23-12-2017